# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5488 — 06.07.2012 ൽ മറുപടിയ്ക്ക്

## ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. വി. ഡി. സതീശൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) സംസ്ഥാനത്തെ കുളങ്ങളുടെയും ടാങ്കുകളുടെയും നവീകരണത്തിനായി പതിമൂന്നാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി 2011-15 കാലയളവിലേക്കായി 50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 2011-13-ൽ നവീകരണത്തിനായി 103 കുളങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നദികളുടെ സംരക്ഷണം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.<br><br>2010-11 സാമ്പത്തിക വർഷത്തിലെ പ്ലാൻ പ്രൊപ്പോസലിൽ കുളങ്ങളുടെ നവീകരണത്തിനായി 28.22 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു. 28.22 കോടി രൂപയ്ക്ക് 165 കുളങ്ങളുടെ നവീകരണത്തിനായി ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവൃത്തികൾ ആരംഭിക്കുകയും 82 കുളങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു.<br><br>2011-12 സാമ്പത്തിക വർഷത്തിൽ കുളങ്ങളുടെ നവീകരണത്തിനായി അനുവദിച്ച 10 കോടി രൂപയിൽ 6.05 കോടി രൂപ പാലക്കാട് ജില്ലയിലെ കുളങ്ങൾ തമ്മിൽ ബന്ധിപ്പിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് മാറ്റി വച്ചിരുന്നു. പ്രസ്തുത പദ്ധതിയ്ക്കായി 5.99 കോടി രൂപയുടെ ഭരണാനുമതി നൽകി കഴിഞ്ഞു. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വകുപ്പുതലത്തിൽ സ്വീകരിച്ചു |

വരുന്നു.

2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു പഞ്ചായത്തിലെ ഒരു കുളം വീതം നവീകരിക്കുന്നതിന് 47 കോടി രൂപ നീക്കി വച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ 35 കോടി രൂപ ടാങ്കുകളുടെ നവീകരണത്തിനായി അനുവദിച്ചിട്ടുണ്ട്.

പതിമൂന്നാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 50 കോടി രൂപയിൽ 2013-15 വർഷങ്ങളിൽ നവീകരിക്കേണ്ട കുളങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ പുരോഗമിക്കുകയാണ്.

നദികളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടി റിവർ ബെയ്സിൻ ബോർഡും, വെറ്റ് ലാന്റ് ഡെവലപ്പ്മെന്റ് ബോർഡും, സ്റ്റേറ്റ് റിവർ ആന്റ് വെറ്റ് ലാന്റ് അതോറിറ്റിയും രൂപീകരിക്കുവാനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ കേരള ജലസേചന ജലസംരക്ഷണ (ഭേദഗതി) ബില്ലിൽ പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബില്ലിന് നിയമപ്രാബല്യം ലഭിക്കുന്ന മുറയ്ക്ക് മേൽ പരാമർശിച്ചിട്ടുള്ള അതോറിറ്റികൾ രൂപീകരിച്ച് ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പാക്കാവുന്നതാണ്.

(ബി) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ഈ പദ്ധതിക്ക് ലഭ്യമാക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) പാലക്കാട് ജില്ലയിലെ കുളങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്ന പദ്ധതിക്ക് കേന്ദ്രസഹായം ലഭ്യമാക്കുന്നുണ്ട്.

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത് ?

(സി) മേൽപ്പറഞ്ഞ പദ്ധതികൾ എല്ലാം ജലസേചന വകുപ്പ് നേരിട്ട് നടപ്പിലാക്കുന്നവയാണ്.

സെക്ഷൻ ഓഫീസർ